**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **06-07-2022 - ൽ മറുപടിയ്ക്ക്**

**പാലോളി കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; എങ്കിൽ ഈ കമ്മിറ്റി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നും പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ; | (എ) | **ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. പാലൊളി കമ്മിറ്റി പൊതു വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം വിദ്യാഭ്യാസ -ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ്, ഭരണ നടപടികൾ എന്നീ മേഖലകളിലായി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് 06/05/2008-ലെ സ.ഉ.(കൈ) നം.148/2008/പൊ.ഭ.വ. പ്രകാരം അംഗീകരിച്ചിരുന്നു.** |
| (ബി) | കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടവ ഉണ്ടായിരുന്നോയെന്നും അവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം പ്രാവർത്തികമാക്കിയെന്നും വിശദമാക്കുമോ; | (ബി) | ഉണ്ടായിരുന്നു. പ്രാവർത്തികമാക്കിയ നിർദ്ദേശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പാലോളി കമ്മിറ്റി നിർദ്ദേശങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **കേരളത്തിൽ പാലോളി കമ്മിറ്റി മുന്നോട്ടുവച്ച വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ പരിഗണിച്ച് പ്രാവർത്തികമാക്കിയവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു.
2. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചു.
3. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി.
4. മദ്രസ്സാദ്ധ്യാപകർക്കും അവരുടെ പെൺമക്കൾക്കും വിവാഹ ധന സഹായ പദ്ധതിയും മദ്രസ്സാദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്സ് പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വർക്ക് സ്കോളർഷിപ്പും ഏർപ്പെടുത്തി.
5. ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 24 സൗജന്യ പരിശീലനകേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാർ ഇതര സന്നദ്ധ സംരംഭങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 32 ഉപ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചു.
6. മുസ്ലീം സമുദായാംഗങ്ങളായ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യസത്തിന് സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഏർപ്പെടുത്തി.
7. സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.
8. ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി തീരുമാനിച്ചു.
9. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പ് പദ്ധതി ഏർപ്പെടുത്തി.
10. 14 ജില്ലകളും കേന്ദ്രീകരിച്ച് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിശീലനം നടത്തി വരുന്നു.
11. വിധവകളും വിവാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി.

12. ചെറുകിട സംരംഭങ്ങൾക്കായി 42 വനിത സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകി.
13. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പാക്കി.
14. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.
15. ഉറുദു ഒന്നാംഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ഇബ്രാഹീം സുലൈമാൻ സേട്ട് ഉറുദു സ്കോളഷിപ്പ്, ചാർട്ടേഡ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വർക്കും സ്കോളർഷിപ്പ്, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീ-ഇംബേഴ്സ്മെൻറ് പദ്ധതി, ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് ഫീ-റീ.ഇംബേഴ്സ്മെന്റ്പദ്ധതി,എസ്.എസ്. എൽ.സി/പ്ലസ്ടു/ വി.എച്ച്.എസ്.ഇ/ബിരുദ/ബിരുദാനന്തര ബിരുദം തുടങ്ങിയ കോഴ്സുകളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ വിഭാത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, മദർതേരസ സ്കോളർഷിപ്പ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, പി.ജി.ഡിപ്ലോമ ഇൻ ജി.എസ്.റ്റി, യു.ജി.സി/ എൻ.ടി.എസ്.ഇ കോച്ചിംഗ്, ന്യൂനപക്ഷ യുവതി യുവാക്കൾക്കുള്ള പ്രീമാരിറ്റൽ കൗൺസലിംഗ് എന്നിവ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**